## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 712 16.07.2012- ൽ മറുപടിക്ക്

### ആധുനിക സങ്കേതങ്ങളും പൊതുജനപങ്കാളിത്തവും ഉറപ്പുവരുത്തിയുള്ള ദുരന്തനിവാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം.പി അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി.ബി അബ്ദുൾ റസാക്<br>ശ്രീ. വി.എം ഉമ്മർ മാസ്റ്റർ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സമയോചിതമായി ഇടപെടുന്നതിനും, ദുരന്തസാദ്ധ്യതകൾ ഒഴിവാക്കുന്നതിനും എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന വിവിധങ്ങളായ പ്രകൃതിദുരന്തങ്ങളെ വളരെ വിശദമായി അപഗ്രഥിച്ച് ഓരോ ഭൂപ്രദേശത്തെയും അതിന്റെ തീവ്രത അനുസരിച്ച് മാത്രമെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിന്റെ മുന്നോടിയായി സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും, ഇടുക്കി ജില്ലയിലും സമഗ്രമായി അപഗ്രഥന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. എന്നിരുന്നാലും സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മിഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും, ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിച്ച് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തുന്നു.<br><br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്തനിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്.<br><br>ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന് 14,76,30,00,000/- രൂപയുടെ ഒരു പ്രൊപ്പോസൽ, അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ഏതൊക്കെ ആധുനിക സങ്കേതങ്ങളെ ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | റിമോട്ട് സെൻസിംഗ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റംസ്, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്താൽ ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഹസാർഡ് വൾനറബിലിറ്റി റിസ്ക് അനാലിസിസ് സെൽ (എച്ച്.വി.ആർ.എ) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) | അടിയന്തിരഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനവും, പൊതുജനപങ്കാളിത്തവും ഉറപ്പു വരുത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ? | (സി) | അടിയന്തിര ഘട്ടങ്ങളിൽ ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ഉറപ്പു വരത്തക്ക വിധത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ മാർഗ നിർദ്ദേശങ്ങളടങ്ങിയ ജില്ലാ ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ